# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: പ്രൊ-വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിൽ നടന്ന പരീക്ഷാ വിഭാഗത്തിലെ ജോയിന്റ് രജിസ്ട്രാർമാരുടെയും ഡെപ്യൂട്ടി രജിസ്ട്രാർമാരുടെയും യോഗം - തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ1 സെക്ഷൻ

നം. 6077/എ1/2/2018/ഭരണവിഭാഗം    തീയതി, പ്രിയദർശിനി ഹിൽസ്, 10.08.2018

---

സൂചന: പരീക്ഷാ വിഭാഗത്തിലെ ജോയിന്റ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ എന്നിവരുമായി പ്രൊ-വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിൽ 20.07.2018-ൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ്.

## <u>ഉത്തരവ്</u>

പ്രൊ-വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിൽ പരീക്ഷാ വിഭാഗത്തിലെ ജോയിന്റ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ എന്നിവരുമായി 20.07.2018-ൽ ചേർന്ന യോഗത്തിന്റെ താഴെ പരാമർശിച്ചിരിക്കുന്ന തീരുമാനങ്ങൾ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാരും ഡെപ്യൂട്ടി രജിസ്ട്രാർമാരുമായും, ഡെപ്യൂട്ടി രജിസ്ട്രാർമാർ അസിസ്റ്റന്റ് രജിസ്ട്രാർമാരുമായും, അസിസ്റ്റന്റ് രജിസ്ട്രാർമാർ സെക്ഷൻ ഓഫീസർമാരുമായും എല്ലാ ആഴ്ചയും കൂടിക്കാഴ്ച നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കേണ്ടതുമാണ്. എല്ലാ ഓഫീസർമാരും ടി യോഗങ്ങളുടെ മിനിട്ട്സ് എഴുതി സൂക്ഷിക്കേണ്ടതാണ്.

2. പുതിയ പരീക്ഷാഭവനിലെ സെക്ഷനുകളുടെ പുനർവിന്യാസം ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും സൗകര്യപ്രദമായ രീതിയിൽ നടപ്പാക്കേണ്ടതാണ്.

3. സർവ്വകലാശാലയിലെ വിവിധ വിഭാഗങ്ങളിൽ ഉപയോഗത്തിലിരിക്കുന്ന ബാറ്ററികൾ നിരീക്ഷിക്കുന്നതിനും പ്രവർത്തനയോഗ്യമാക്കുന്നതിനും എഞ്ചിനീയറിംഗ് യൂണിറ്റ് 'ബാറ്ററി മോണിറ്ററിംഗ് സംവിധാനം' ഏർപ്പെടുത്തേണ്ടതാണ്. ഇതിനായി സർവ്വകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുന്നു.

4. എം.ടെക്. സെക്ഷനിൽ ഒരു അസിസ്റ്റന്റിനെക്കൂടി നിയമിക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ എസ്
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ/ സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ/ പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ
   (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. സർവ്വകലാശാല എഞ്ചിനീയർ (ആവശ്യമായ നടപടികൾക്കായി)/ എഞ്ചിനീയറിംഗ് യൂണിറ്റ്
6. പബ്ലിക് റിലേഷൻസ് ഓഫീസർ/എഡി.ബി III/കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
7. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ്: ഫയൽ നം. എഡി.എ1-2-220/2018

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം